# Desabhimani
# 30 August 2018
# Thirikakara; Ration Card,Issued Soon As Application Received

## അപേക്ഷ ലഭിച്ചപ്പോൾത്തന്നെ റേഷൻകാർഡ് നൽകി

**തൃക്കാക്കര**

പ്രളയദുരിതത്തിൽ റേഷൻകാർഡ് നഷ്ടപ്പെട്ട 18 പേർക്ക് അപേക്ഷ നൽകിയപ്പോൾത്തന്നെ കാർഡ് നൽകി. കുന്നത്തുനാട് താലൂക്ക് സപ്ലൈ ഓഫീസിൽ കൂവപ്പടി സ്വദേശിയായ ആശലത, ഒക്കൽ സ്വദേശി സുധ, മുടിക്കൽ സ്വദേശി പാത്തുക്കുഞ്ഞ്, മൂവാറ്റുപുഴ സപ്ലൈ ഓഫീസിൽ രത്നമ്മ, മിനി സോമൻ, നബീസ, ഇടപ്പള്ളി സ്വദേശി ടി ആർ ജനാർദ്ദനൻ തുടങ്ങിയവർക്കാണ് റേഷൻകാർഡ് നൽകിയത്.

റേഷൻകാർഡിന്റെ ഡ്യൂപ്ലിക്കേറ്റിനായി 130 അപേക്ഷകൾ ലഭിച്ചു. 31 വരെ ഗ്രാമപഞ്ചായത്ത് കേന്ദ്രങ്ങളിൽ അപേക്ഷ സ്വീകരിക്കും. റേഷൻകാർഡുടമയുടെ പേര്, മേൽവിലാസം, റേഷൻകാർഡ് നമ്പർ എന്നീ വിവരങ്ങളാണ് ശേഖരിക്കുന്നത്. അപേക്ഷ ലഭിച്ചാൽ അന്വേഷണമില്ലാതെതന്നെ റേഷൻകാർഡ് വിതരണംചെയ്യുമെന്ന് ജില്ലാ സപ്ലൈ ഓഫീസർ പറഞ്ഞു. റേഷൻകാർഡ് നമ്പർ കംപ്യൂട്ടറിൽ എൻട്രി ചെയ്താൽ അവരുടെ വിശദവിവരം ലഭ്യമാകും. അതുനോക്കി സിഡിറ്റ് കാർഡ് തയ്യാറാക്കിനൽകും. പഞ്ചായത്ത് കേന്ദ്രങ്ങളിൽ അപേക്ഷ നൽകാൻ കഴിഞ്ഞില്ലെങ്കിൽ സെപ്തംബർ ഒന്നുമുതൽ താലൂക്ക് സപ്ലൈ ഓഫീസുകളിൽ അപേക്ഷ നൽകാം.